# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5988**

**07-07-2014 ൽ മറുപടിയ്ക്ക്**

## ഗാലസ പദ്ധതിയിലൂടെ നെല്ല് ഉല്പാദനം

**ചോദ്യം**

പ്രൊഫ.സി.രവീന്ദ്രനാഥ്

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും
അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഗാലസ പദ്ധതിയിലൂടെ നെല്ല് ഉല്പാദനം വർദ്ധിപ്പിക്കുവാൻ കഴിയും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജൈവവള പ്രയോഗത്തിലൂടെ ഉല്പാദന വർദ്ധനവുണ്ടാക്കുക എന്നതായിരുന്നു ഗാലസ പദ്ധതിയുടെ ലക്ഷ്യം. പദ്ധതി നടപ്പിലാക്കിയ സ്ഥലങ്ങളിൽ വിളവ് വർദ്ധന ഉണ്ടായിരുന്നു. കർഷകർക്ക് റിവോൾവിംഗ് ഫണ്ട് നൽകി സമയാസമയങ്ങളിൽ കൃഷിപ്പണികൾ ഗ്രൂപ്പടിസ്ഥാനത്തിൽ ചെയ്യാൻ പ്രേരിപ്പിക്കുകയാണ് പദ്ധതി വഴി വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഇപ്പോൾ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധയിനം പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം ഹെക്ടറൊന്നിന് 1500/- രൂപ ധനസഹായം നൽകി വരുന്നു.<br>2. ആർ.കെ.വി.വൈ പദ്ധതി പ്രകാരം ഹെക്ടറൊന്നിന് 3000/- രൂപ ധനസഹായം നൽകി വരുന്നു.<br>3. നെല്ലിന്റെ ഉല്പാദന ബോണസ് ഹെക്ടറിന് 1000/- രൂപയായി ഉയർത്തിയിട്ടുണ്ട്.<br>4. സ്പെഷ്യാലിറ്റി നെല്ലിനങ്ങളുടെ വികസനത്തിനായി ഹെക്ടറിന് 10000/- രൂപ സബ്സിഡി നൽകി വരുന്നു. |
| (ബി) | എങ്കിൽ സംസ്ഥാനത്ത് ഗാലസ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ